# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.483

## 29-05-2019 ൽ മറുപടിക്ക്

## അനുമതി ലഭ്യമായ കിഫ്‌ബി പ്രവൃത്തികളുടെ കാലതാമസം

| ചോദ്യം<br>ശ്രീ. ഐ.ബി. സതീഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കിഫ്‌ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ പ്രവൃത്തികളുടെ തുടർന്നുള്ള നടപടിക്രമങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഘൂകരിച്ച് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഉണ്ട്. കിഫ്‌ബി അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് പദ്ധതി നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വമാണ്. ആവശ്യത്തിന് ഭൂമി ലഭ്യമാകാത്തതുൾപ്പടെയുള്ള വിഷയങ്ങൾ പരിഹരിച്ച് പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ കിഫ്‌ബി നടത്തി വരുന്നു. കിഫ്‌ബി പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് 4 സ്പെഷ്യൽ ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾക്ക് സർക്കാർ അനുമതി നൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ